പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2213 11.02.2020 ൽ മറുപടിയ്ക്ക്

# സിവിൽ സപ്ലൈസ് വകുപ്പ് അഴിമതി രഹിതമാക്കുന്നതിന് നടപടി


ചോദ്യം
ശ്രീ.അബ്ദുൽ ഹമീദ് പി.

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)


| | | | |
|---|---|---|---|
| (എ) | സപ്ലൈകോയുടെ കാക്കഞ്ചേരി ഡിപ്പോയിൽ 416 ചാക്ക് റേഷനരി അധികം കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരൂരങ്ങാടി സപ്ലൈകോ ഡിപ്പോയുടെ കീഴിലുള്ള NFSA ഗോഡൗണിൽ നടന്ന പരിശോധനയിൽ പുഴുക്കലരിയുടെയും പച്ചരിയുടെയും അളവിൽ യഥാക്രമം 3671 കിലോഗ്രാമും 1485 കിലോഗ്രാമും കുറവുള്ളതായും 20800 കിലോഗ്രാം കുത്തരി അധികമുള്ളതായും കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ടി വിഷയം സംബന്ധിച്ച് തിരൂർ താലൂക്ക് സപ്ലൈ ഓഫീസർ മലപ്പുറം ജില്ലാ സപ്ലൈ ഓഫീസർക്ക് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | സമർപ്പിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കുന്നത് പരിഗണിച്ച് വരുന്നു. |
| (സി) | ഇതിന്മേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ; | | |
| (ഡി) | സമാനമായ ക്രമക്കേടുകൾ സംസ്ഥാനത്ത് വ്യാപകമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | സിവിൽ സപ്ലൈസ് വകുപ്പ് അഴിമതി രഹിതമാക്കുന്നതിനും കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ? | (ഇ) | ഭക്ഷ്യ പൊതുവിതരണ വകുപ്പ് അഴിമതി രഹിതമാക്കുന്നതിന്റെ ഭാഗമായി റേഷൻ ഡിപ്പോകളും, NFSA ഗോഡൗണുകളും ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങളും കാര്യക്ഷമവും നിരന്തരവുമായി പരിശോധിക്കുന്നതിനുള്ള സംവിധാനം താലൂക്ക്, ജില്ല, സംസ്ഥാന തലങ്ങളിൽ നിലവിലുണ്ട്. ഭക്ഷ്യ |

| | | | |
|---|---|---|---|
| | | | പൊതുവിതരണ വകുപ്പിന്റെ പ്രത്യേക പരിശോധനാ സ്ക്വാഡും, പൊതുവിതരണ വകുപ്പിലെയും സപ്ലൈകോയിലെയും വിജിലൻസ് ഓഫീസർമാരുടെ നേതൃത്വത്തിൽ പ്രത്യേക വിജിലൻസ് വിഭാഗവും പ്രവർത്തിച്ചു വരുന്നു. താലൂക്ക്, ജില്ലാ തലങ്ങളിൽ യഥാക്രമം താലൂക്ക് സപ്ലൈ ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ പരിശോധനകൾ നടത്തുന്നുണ്ട്. പൊതു ജനങ്ങളിൽ നിന്നുള്ള പരാതികൾ സ്വീകരിക്കുന്നതിനായി കാൾസെന്റർ സംവിധാനം നിലവിലുള്ളതും ഭക്ഷ്യ പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് CUG (Closed User Group) ആയി ഔദ്യോഗിക മൊബൈൽ സംവിധാനം അനുവദിച്ചിട്ടുള്ളതുമാണ്. വകുപ്പ്തല പരിശോധന വഴി കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്കെതിരെ 1966 KRO പ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ